(ബി) തെരുവ്നായ്ക്കളുടെ ശല്യം അകറ്റാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തെരുവുനായ്ക്കൾ പെരുകുന്നത് ഒഴിവാക്കാൻ നായ്ക്കൾക്ക് വന്ധ്യംകരണ ശസ്ത്രക്രീയ ഏതൊക്കെ ജില്ലകളിൽ നടപ്പാക്കി ; എത്ര നായ്ക്കൾക്ക് ഇത്തരത്തിൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട് ; ഈ പ്രവൃത്തികളിലൂടെ തെരുവുനായ്ക്കൾ പെരുകുന്നത് തടയാനായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കണക്കനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ 1,06,275 പേർ നായ്ക്കളുടെ കടിയേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതി 2-9-2014-ലെ സ.ഉ.(സാധാ.)നമ്പർ 2306/2014/ ത.സ്വ.ഭ.വ. 16-10-2014-ലെ സ.ഉ.(സാധാ.)നമ്പർ 2673/2014/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിവരുന്നു.

(സി) നായ്ക്കൾക്കുള്ള വന്ധ്യംകരണ ശസ്ത്രക്രിയ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പും കേരള സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് പ്രോജക്ട് (KSUDP)-യും സത്യസായി ഓർഫനേജ് ട്രസ്റ്റും സംയുക്തമായി തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടത്തിയ പൈലറ്റ് പ്രോജക്ടിൽ 1780 തെരുവു നായ്ക്കളെ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി പേവിഷ ബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് നൽകി അവയുടെ വാസസ്ഥലത്ത് വിട്ടിട്ടുണ്ട്. 1780 തെരുവുനായ്ക്കളുടെ വന്ധീകരണത്തിന് ആനുപാതികമായി തെരുവുനായ്ക്കളുടെ വർദ്ധനവ് കുറയുന്നതാണ്.

ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവ്

164 (2797) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവിലെ കാര്യക്ഷമത കുറവ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ നികുതി പിരിവ് കാര്യക്ഷമമായി നടന്നുവരുന്നു.

(ബി) ഡോർ ടു ഡോർ കളക്ഷൻ, കുടുംബശ്രീ സംവിധാനം, ക്യാമ്പ് കളക്ഷൻ, ഗ്രാമസഭകളിലൂടെയും ഗ്രാമസേവ കേന്ദ്രങ്ങളിലൂടെയും പ്രത്യേക അറിയിപ്പുനൽകി നികുതി ശേഖരിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നികുതി പിരിവ് പുരോഗതി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിലും ജില്ലാതലത്തിലും അവലോകനം നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണം

165 (2798) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വികസിപ്പിച്ചെടുത്തിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ)

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.